# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2839

20.6.2013 ൽ
മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>ഉപഭോക്തൃ സംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വിലക്കയറ്റം തടയുന്നതിനു വേണ്ടി എന്തെങ്കിലും പ്രവർത്തന പരിപാടി ഏർപ്പെടുത്തിയിട്ടുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | എ) യും ബി) യും<br><br>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പൊതു വിതരണം ശക്തിപ്പെടുത്തുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. ബി.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും രണ്ട് രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 കി.ഗ്രാം അരി നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി. ഗ്രാം അരി സൗജന്യമായി നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ട് രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കി.ഗ്രാം അരിയും 3 കി.ഗ്രാം ഗോതമ്പും കി.ഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് തടയുന്നതിനായി പൊതു വിതരണ ശൃംഖലകളിലും പൊതു കമ്പോളത്തിലും ശക്തമായ റെയ്ഡും പരിശോധനകളും നടത്തി വരുകയും ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br><br>പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കാൻ സപ്ലൈകോ നടത്തി വരുന്ന വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി തുടർന്നു വരുന്നു. നിത്യോപയോഗസാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ മാവേലി/ സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റുവരുന്നു. ഇതിന് പുറമെ മറ്റ് അവശ്യ |

സാധനങ്ങളും എഫ്.എം.സി.ജി ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ്പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 12 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും 1306 സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, ഏലം, വെളിച്ചെണ്ണ, പുളി, ഉപ്പ് മുതലായ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിൽ പ്രത്യേക ഉത്സവചന്തകൾ സംഘടിപ്പിച്ചു വരുന്നു.

കൂടാതെ കൺസ്യൂമർഫെഡിന്റെ 249 ത്രിവേണി സ്റ്റോറുകളിലൂടെയും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന 1200 ഓളം നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർഫെഡ് നേരിട്ടു നടത്തുന്നവയും, സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ 2050 നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തി സംസ്ഥാനത്തെ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നുണ്ട്.

Beena

സെക്ഷൻ ഓഫീസർ